REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 21-08-2025 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പാർലമെന്റ് വർഷകാല സമ്മേളനം ഇന്ന് സമാപിക്കും.**
- **ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ സ്ഥാനാർത്ഥി ജസ്റ്റിസ് സുദർശൻ റെഡ്ഡി ഇന്ന് പത്രിക നൽകും.**
- **രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായി കേരളത്തെ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് പ്രഖ്യാപിക്കും.**
- **കോഴിക്കോട് വിലങ്ങാട്ടെ ദുരന്തബാധിതർക്ക് ഉപജീവന നഷ്ടപരിഹാരം ഒമ്പത് മാസത്തേക്ക് കൂടി നൽകാൻ തീരുമാനം.**
- **കേരള ക്രിക്കറ്റ് ലീഗിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

പാർലമെന്റ് വർഷകാല സമ്മേളനം ഇന്ന് സമാപിക്കും. ബിഹാറിലെ വോട്ടർ പട്ടിക പരിഷ്ക്കരണം, തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ വിമർശനം എന്നിവ കേന്ദ്രീകരിച്ച പ്രതിപക്ഷ പ്രതിഷേധം മൂലം മിക്ക ദിവസങ്ങളിലും സഭാനടപടികൾ തടസ്സപ്പെട്ടിരുന്നു. ഇന്നലെ ലോക്സഭ പാസ്സാക്കിയ ഓൺലൈൻ മണി ഗെയിം നിരോധനബിൽ ഇന്ന് രാജ്യസഭയുടെ പരിഗണനയ്ക്ക് വരും. രാഷ്ട്രപതി കൂടി അംഗീകാരം നൽകിയാൽ ബിൽ നിയമമാകും.

ആഭ്യന്തരമന്ത്രി അമിത ഷാ ഭരണഘടനയുടെ 130 ആം ഭേദഗതി ഉൾപ്പെടെ മൂന്ന് ബില്ലുകൾ ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ചു. മന്ത്രിമാർ മുപ്പതു ദിവസമെങ്കിലും തടവിൽ കഴിയേണ്ടി വന്നാൽ സ്ഥാനം നഷ്ടമാകുമെന്ന വ്യവസ്ഥ ഉൾപ്പെട്ട നിർണ്ണായക ഭേദഗതി ബില്ലുകൾ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനക്ക് വിട്ടിരിക്കുകയാണ്. ലോക്സഭയിലെ 21 പേരും രാജ്യസഭയിലെ 10 പേരും ഉൾപ്പെടുന്നതായിരിക്കും സമിതി

✪✪✪

സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ഇല്ലാതാക്കാനും ഗവൺമെന്റുകളെ അസ്ഥിരപ്പെടുത്താനും ലക്ഷ്യമിടുന്നതാണ് ലോക്സഭയിൽ ഇന്നലെ അവതരിപ്പിച്ച 130-ാം ഭരണഘടനാ ഭേദഗതി ബില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. നിയമസഭകൾക്കുമേൽ ഗവർണർമാർക്ക് വീറ്റോ അധികാരം സ്ഥാപിക്കാനും ഈ നീക്കം വഴിയൊരുക്കുമെന്ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് പ്രസ്താവനയിൽ പറഞ്ഞു.

CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും, മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും ഉൾപ്പെടെ പ്രതിപക്ഷനേതാക്കളും ബില്ലിനെതിരെ രംഗത്തു വന്നിട്ടുണ്ട്.

✪✪✪

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ I.N.D.I. സഖ്യം സ്ഥാനാർത്ഥി ജസ്റ്റിസ് സുദർശൻ റെഡ്ഡി ഇന്ന് പത്രിക നൽകും. NDA സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ ഇന്നലെ പത്രിക നൽകിയിരുന്നു. ഇന്നാണ് പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസം.

✪✪✪

ഇന്ത്യയുടെയും റഷ്യയുടെയും തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിദേശകാര്യമന്ത്രി ഡോക്ടർ S ജയശങ്കർ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി മോസ്കൊയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി- പ്രാദേശിക - ആഗോള വിഷയങ്ങളിൽ ഇരുവരും ആശയങ്ങൾ പരസ്പരം കൈമാറും .രണ്ടു രാജ്യങ്ങളുടെയും സാമ്പത്തിക വ്യാപാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതടക്കം കാര്യങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യും.

✪✪✪

സെപ്റ്റംബർ 16 മുതൽ 30 വരെയും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടു മുതൽ 31വരെയും രണ്ടു ഘട്ടമായി ഗവണ്മെന്റ് ഓഫീസുകളിൽ പ്രത്യേക സ്വച്ഛതാ ക്യാമ്പയിൻ 5.0 സംഘടിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു.

കേന്ദ്രമന്ത്രി ഡോക്ടർ ജിതേന്ദ്ര സിംഗ് അടുത്തമാസം പ്രചാരണപരിപാടി ഉദ്ഘാടനം ചെയ്യും.

കേന്ദ്രഗവണ്മെന്റ് ആവിഷ്ക്കരിച്ച രാജ്യവ്യാപക മാലിന്യ നിർമാർജ്ജന യജ്ഞം അഞ്ചു വർഷം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലായിരുന്നു തീരുമാനം.

✪✪✪

ഇന്ത്യയുടെ മധ്യദൂര ബാലിസ്റ്റിക് മിസൈലായ 'അഗ്നി 5' വിജയകരമായി പരീക്ഷിച്ചു. ഒഡീഷ ചാന്ദിപൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിലെ വിക്ഷേപണം പ്രവർത്തനപരവും സാങ്കേതികവുമായ കാര്യങ്ങൾ സാധൂകരിച്ചതായി രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായി കേരളം മാറിയതിന്റെ പ്രഖ്യാപനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തും. മന്ത്രി MB രാജേഷ് അധ്യക്ഷനാകുന്ന ചടങ്ങിൽ മന്ത്രിമാരും മറ്റു ജന പ്രതിനിധികളും പങ്കെടുക്കും. 2021-ൽ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ പഞ്ചായത്തിൽ ആരംഭിച്ച ഡിജി സാക്ഷരതാ പ്രവർത്തനങ്ങളോടെയാണ് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞത്തിന് തുടക്കമായത്.

✪✪✪

കോഴിക്കോട്ടെ വിലങ്ങാട് ദുരന്തബാധിതർക്ക് ഉപജീവന നഷ്ടപരിഹാരം ഒമ്പത് മാസത്തേക്ക് കൂടി തുടർന്ന് നൽകാൻ മന്ത്രി K രാജൻ തിരുവനന്തപുരത്ത് വിളിച്ച് ചേർത്ത യോഗം തീരുമാനിച്ചു. വയനാട് ചൂരൽമലയിൽ അനുവദിച്ചതിന് സമാനമായ തുകയാണ് ഉപജീവന നഷ്ടപരിഹാരമായി നൽകുന്നത്. പുതിയ പരാതികളും പരിശോധിച്ച് അർഹരായവർക്ക് നഷ്ടപരിഹാരം നൽകാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർക്ക് മന്ത്രി നിർദേശം നൽകി. ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട 49 കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതവും അനുവദിച്ചു.

✪✪✪

മ്യൂൾ അക്കൗണ്ടുകൾ എന്നറിയപ്പെടുന്ന അനധികൃത വാടക അക്കൗണ്ടുകളുടെ ഹോട്ട് സ്പോട്ടായി കേരളം മാറുകയാണെന്ന് സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി വിലയിരുത്തി. ഇക്കാര്യത്തിൽ ജാഗ്രത വേണമെന്നും, വിദ്യാർത്ഥികൾ തട്ടിപ്പിൽ കൂടുതലായി ഇരയാകുന്നതിനാൽ മാതാപിതാക്കളും

അധ്യപകരും പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും ബാങ്കേഴ്സ് കമ്മിറ്റി നിർദ്ദേശിച്ചു.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ M സ്മിതി.

.........വോയ്സ്........

വിദ്യാർത്ഥികൾ അടക്കമുള്ള യുവാക്കൾക്ക് പണം വാഗ്ദാനം ചെയ്ത് അവരെ കൊണ്ട് ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് ആ അക്കൗണ്ടുകൾ കള്ളപ്പണം വെളുപ്പിക്കുന്നതിനും സൈബർ തട്ടിപ്പുകൾക്കും ഉപയോഗിക്കുന്നതാണ് മ്യൂൾ അക്കൗണ്ടിന്റെ രീതി. തട്ടിപ്പുകാർ നേരിട്ടു ബാങ്കിലെത്താതെ ഇരകളെ അവരുടെ തന്നെ കെവൈസി രേഖകളുമായി ബാങ്കിലേക്ക് അയക്കുകയും അക്കൗണ്ട് തുടങ്ങുകയുമാണ് ചെയ്യുന്നത്. ഇതിനായി നൽകുന്ന മൊബൈൽ നമ്പർ തട്ടിപ്പുകാരുടേതായിരിക്കും. അതിനാൽ അക്കൗണ്ടിന്റെ നിയന്ത്രണം തട്ടിപ്പുകാർക്കായിരിക്കും. ഇത്തരം അക്കൗണ്ടുകൾ തട്ടിപ്പുകൾക്ക് ഉപയോഗിക്കുമ്പോൾ അതിന്റെ ശിക്ഷ അനുഭവിക്കേണ്ടി വരുന്നത് ഇങ്ങനെ അക്കൗണ്ട് തുടങ്ങി നൽകുന്നവരായിരിക്കും. ഇതിനെതിരെയുള്ള ശക്തമായ ബോധവൽക്കരണ പരിപാടികളാണ് റിസർവ്വ് ബാങ്കിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ളത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 125 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 29 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാം.

✪✪✪

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം രണ്ട് ലക്ഷത്തി 23,945 പട്ടയങ്ങൾ വിതരണം ചെയ്തതായി മന്ത്രി K. രാജൻ അറിയിച്ചു. അതിൽ 55,280 എണ്ണം പാലക്കാട് ജില്ലയിലാണ്. മണ്ണാർക്കാട് നിയോജകമണ്ഡലതല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അട്ടപ്പാടിയിലെ ഭൂമി പ്രശ്നങ്ങൾ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നതെന്നും, റവന്യൂ സെക്രട്ടറി രാജമാണിക്യം അട്ടപ്പാടിയിൽ നേരിട്ടെത്തി ഉദ്യോഗസ്ഥരുമായി ഇക്കാര്യത്തിൽ സമഗ്ര ചർച്ച നടത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ഉച്ചക്ക് രണ്ടരയ്ക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയ്ലേഴ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ് ഉദ്ഘാടന മത്സരം. ഔദ്യോഗിക ഉദ്ഘാടനം വൈകിട്ട് ആറരയ്ക്കാണ്.

KCL ബ്രാൻഡ് അംബാസിഡർ മോഹൻലാൽ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി പ്രതിനിധി രെജു കൊലിയക്കോട്.......

.......വോയ്സ്.......

കേരളത്തിന്റെ ക്രിക്കറ്റ് പൂരമായ കെ സി എല്ലിന് അനന്തപുരിയിൽ ഇന്ന് അരങ്ങുണരുകയാണ്. ഇനിയുള്ള മൂന്നാഴ്ചക്കാലം ആറ് ടീമുകളുടെ 33 വാശിയേറിയ പോരാട്ടങ്ങൾക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം സാക്ഷിയാകും.

ട്രിവാൻഡ്രം റോയൽസ്, ഏരീസ് കൊല്ലം സെയിലേഴ്സ്, ആലപ്പി റിപ്പിൾസ്, കൊച്ചി ബ്ലൂ ടൈഗേഴ്സ്, തൃശൂർ ടൈറ്റൻസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് എന്നിവയാണ് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്ന ടീമുകൾ.

ഓരോ ദിവസവും രണ്ട് മത്സരങ്ങൾ വീതമാണുള്ളത്. ഉച്ചയ്ക്ക് 2.30 ന് ആദ്യ മത്സരവും വൈകുന്നേരം 6.45ന് രണ്ടാം മത്സരവും നടക്കും. ലീഗ് ഘട്ടത്തിൽ ഓരോ ടീമുകളും പരസ്പരം രണ്ട് തവണ വീതം ഏറ്റുമുട്ടും.

കൂടുതൽ പോയിന്റുള്ള നാല് ടീമുകൾ സെമിയിലേക്ക് മുന്നേറും. സെപ്റ്റംബർ അഞ്ചിന് സെമി ഫൈനൽ മത്സരങ്ങളും ഏഴിന് ഫൈനൽ പോരാട്ടവും അരങ്ങേറും. ഇന്ത്യൻ ടീമിൽ അംഗമായ മിന്നും താരം സഞ്ജു സാംസൺ ഇത്തവണ കൊച്ചിയ്ക്ക് വേണ്ടി ഇറങ്ങുന്നു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത.അമ്പയർമാരുടെ തീരുമാനം പുനപരിശോധിക്കാനുള്ള ഡിആർഎസ് സംവിധാനം ഇത്തവണ കെസിഎല്ലിലുണ്ട് എന്നത് മറ്റൊരു പ്രത്യേകതയാണ്.

✪✪✪

ഭൂട്ടാനിലെ തിംഫുവിൽ SAFF അണ്ടർ-17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഉദ്ഘാടന മത്സരത്തിൽ ഇന്ത്യക്ക് മിന്നുന്ന വിജയം. നേപ്പാളിനെ മറുപടിയില്ലാത്ത ഏഴ് ഗോളിനാണ് ഇന്ത്യ തകർത്തത്. ഈ വർഷം മുതൽ ടൂർണമെന്റിൽ ഡബിൾ റൗണ്ട് റോബിൻ ഏർപ്പെടുത്തിയതിനാൽ ഈ വിജയം ഇന്ത്യക്ക് മികച്ച തുടക്കം നൽകി.

✪✪✪

കൊൽക്കത്തയിൽ ഡ്യൂറന്റ് കപ്പ് ഫുട്ബോൾ രണ്ടാം സെമിഫൈനൽ മത്സരത്തിൽ ഡയമണ്ട് ഹാർബർ FC, ഈസ്റ്റ് ബംഗാൾ FCയെ 2-1 ന് പരാജയപ്പെടുത്തി.

മറ്റന്നാൾ ഫൈനലിൽ ഡയമണ്ട് ഹാർബർ FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FCയെ നേരിടും.

✪✪✪

നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നത്തിന്റെ പേര് ഉച്ച കഴിഞ്ഞ് പ്രഖ്യാപിക്കും. കളിവള്ളം തുഴയുന്ന കാക്കത്തമ്പുരാട്ടിയാണ് ഭാഗ്യചിഹ്നം. ഈ മാസം 30ന് പുന്നമടക്കായലിൽ ആരംഭിക്കുന്ന വള്ളംകളിക്ക് ഇതുവരെ 70 വള്ളങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും.

✪✪✪

മഞ്ചേശ്വരം മണ്ഡലത്തിൽ രണ്ട് ആധുനിക കളിക്കളങ്ങൾ ഒരുങ്ങുന്നു. മഞ്ചേശ്വരം, എന്മകജെ പഞ്ചായത്തുകളിലുമാണ് പുതിയ കളിക്കളങ്ങളുടെ നിർമ്മാണം ഇന്നാരംഭിക്കുന്നത്. മന്ത്രി V അബ്ദുറഹ്മാൻ നിർമ്മാണം ഉദ്ഘാടനം ചെയ്യും.

ജില്ലാ പ്രതിനിധി P ജഗന്നിവാസൻ....

...........വോയ്സ്.............

✪✪✪

ട്രാൻസ്ജെൻഡറുകളുടെ കലാഭിരുചികൾ പരിപോഷിപ്പി ക്കുന്നതിന് 'വർണപ്പകിട്ട്' സംസ്ഥാന കലോത്സവത്തിന് ഇന്ന് കോഴിക്കോട്ട് തുടക്കമാകും. സാമൂഹികനീതി വകുപ്പാണ് മറ്റന്നാൾ വരെ മേള സംഘടിപ്പിക്കുന്നത്. വൈകിട്ട് മന്ത്രി ഡോ. R ബിന്ദു വൈകിട്ട് കണ്ടംകുളം ജൂബിലി ഹാളിൽ കലോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധി വാസത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലുലു ഗ്രൂപ്പ് ചെയർമാൻ MA യൂസഫലി പത്തു കോടി രൂപ കൂടി നൽകി. ആദ്യഘട്ടത്തിൽ അഞ്ച് കോടി രൂപ കഴിഞ്ഞ ആഗസ്തിൽ യൂസഫലി നൽകിയിരുന്നു. 50 വീടുകൾ നിർമ്മിച്ച് നൽകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് മുഖ്യമന്ത്രിയുടെ ചേംബറിൽ നേരിട്ടെത്തി യൂസഫലി തുക കൈമാറിയത്.

✪✪✪

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്രവും-കേരളവും ഒപ്പുവച്ച ധാരണാപത്രത്തിന്റെ ലംഘനമാണ് സംസ്ഥാന ഗവൺമെന്റ് നടത്തുന്നതെന്ന് BJP ദേശീയ നിർവാഹക സമിതി അംഗം കുമ്മനം രാജശേഖരൻ കുറ്റപ്പെടുത്തി. പാലക്കാട്ട് നെൽകർഷക സമര പ്രഖ്യാപന കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സിയാബ്*
*DEO: സി കെ സുബോധ്*